# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 524 — 09.02.2016-ൽ മറുപടിക്ക്

## ക്രെഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) ക്രെഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള പുതിയ ഉത്തരവിൽ തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാനത്തിൽ ആയിരിക്കണെമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) 2013-ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (ആക്റ്റ് 8/2013) പ്രകാരം 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ 14.02.2013-ൽ പ്രാബല്യത്തിൽ വന്ന വകുപ്പ് 28(1)-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, റൂറൽ ബാങ്കുകൾ, റീജിയണൽ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ, പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ എന്നീ സംഘങ്ങളിൽ ഭരണസമിതി തെരഞ്ഞെടുപ്പ് വാർഡടിസ്ഥാനത്തിൽ നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>25.11.2014 ലെ G.O(P)No. 142/14/ Co-op ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച കേരള |

| | |
|---|---|
| | സഹകരണ സംഘം ചട്ടം (രണ്ടാം ഭേദഗതി) പ്രകാരം ചട്ടം 35 (6 ബി)യിൽ മേൽ പരാമർശിച്ച പ്രകാരം വാർഡടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ സ്ഥാനാർത്ഥി, നിർദ്ദേശകൻ, പിൻതാങ്ങുന്നയാൾ എന്നിവർ ഒരേ വാർഡിൽ തന്നെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി)വാർഡ് നിർണ്ണയിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ രേഖകൾ ഇല്ലാത്തതിനാൽ ഈ ഉത്തരവ് അനുസരിച്ച് ക്രഡിറ്റ് സംഘങ്ങളിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് ഒട്ടേറെ ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സംഘം തയ്യാറാക്കി അംഗീകരിക്കുന്ന ഉപനിബന്ധനകൾ പ്രകാരം വാർഡടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ ജനറൽ, സംവരണ വാർഡുകൾ നിശ്ചയിക്കുന്നതിൽ വിവിധതരം സംഘങ്ങളിൽ വ്യത്യസ്ത നിലപാട് സ്വീകരിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി)ഇത് സംബന്ധിച്ച് സുവ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നടപടികൾ ഉണ്ടാകുമോ? | (സി) സഹകരണ സംഘം നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിന് സർക്കാർ നിയമിച്ചിട്ടുള്ള ശ്രീ. ശിവദാസൻ നായർ എം.എൽ.എ അദ്ധ്യക്ഷനായിട്ടുള്ള വിദഗ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**